## പതിനാലാം കേരള നിയമസഭ

### പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ **ചോദ്യം നം.181** — **07.02.2019**-ലെ മറുപടിക്ക്

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ. പി.കെ. ശശി<br>ശ്രീ. എസ്. ശർമ്മ<br>ശ്രീ. ജോർജ് എം തോമസ്<br>ശ്രീ. കെ. ആൻസലൻ | ഡോ. ടി.എം. തോമസ് ഐസക്ക്<br>ധനകാര്യവും കയറും വകുപ്പ് മന്ത്രി |

### ചെലവ് നിയന്ത്രിക്കാനായി നടത്തുന്ന ഇടപെടലുകൾ

| | | |
|---|---|---|
| (എ) | സർക്കാർ ചെലവ് വർദ്ധനവിന്റെ നിരക്ക് റവന്യൂ വർദ്ധനവിന്റെ നിരക്കിനെ അധികരിച്ചിട്ടുണ്ടോ; എങ്കിൽ വികസന-ക്ഷേമ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കാതെ സർക്കാർ ചെലവ് നിയന്ത്രിക്കാനായി നടത്തുന്ന ഇടപെടലുകൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | 2006-07 മുതൽ 2010-11 വരെയുള്ള കാലയളവിൽ വരുമാനം ഗണ്യമായി ഉയർത്തി കമ്മി കുറയ്ക്കുവാൻ സാധിച്ചിരുന്നു. എന്നാൽ 2013-14 മുതൽ സംസ്ഥാനത്തിന്റെ നികുതി വരുമാന വളർച്ച 10 – 12 ശതമാനമായി ഇടിഞ്ഞു. ടി അവസ്ഥയിൽ നിന്നും 2006-07-ൽ തുടങ്ങിയ ധനദൃഢീകരണ പാതയിലേക്ക് സംസ്ഥാനത്തെ തിരിച്ച് കൊണ്ടുവരുവാനാണ് സർക്കാർ ശ്രമിച്ച് വരുന്നത്.<br><br>അക്കൗണ്ടന്റ് ജനറലിന്റെ 2018 നവംബർ 30 വരെയുള്ള കാലയളവിലെ താൽക്കാലിക കണക്കുകൾ പ്രകാരം സംസ്ഥാനത്തിന്റെ ആകെ റവന്യൂ വരുമാനത്തിലും, റവന്യൂ ചെലവിലും മുൻ വർഷത്തെ അതേ കാലയളവിനെ അപേക്ഷിച്ചുള്ള വർദ്ധനവ് യഥാക്രമം 15.28, 13.73 ശതമാനമാണ്. അഴിമതിയുടെയും നികുതി ഭരണത്തിലെ കെടുകാര്യസ്ഥതയുടെയും സ്വജനപക്ഷ പാതത്തിന്റെയും, വികലമായ മദ്യനയത്തിന്റെയും ഫലമായി റവന്യൂ വരുമാനം കുത്തനെ ഇടിവ് രേഖപ്പെടുത്തിപ്പോന്നിരുന്ന ഘട്ടത്തിലാണ് ഈ സർക്കാർ അധികാരം ഏറ്റത്. |

കൂടാതെ കേന്ദ്ര സർക്കാർ നോട്ട് നിരോധനം ഏർപ്പെടുത്തിയതും, വേണ്ടത്ര അവധാനതയില്ലാതെ ചരക്ക് സേവന നികുതി നടപ്പിലാക്കിയതും സംസ്ഥാനത്തിന്റെ വിഭവ സമാഹരണ ശേഷിക്ക് കനത്ത ആഘാതമേല്പിച്ചു. എന്നിട്ടും സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശമ്പള/പെൻഷൻ പരിഷ്കരണ കുടിശ്ശികകൾ നൽകുവാനും, വികസന ക്ഷേമ പ്രവർത്തനങ്ങൾക്ക് യാതൊരു ഭംഗവും കൂടാതെ നിർവ്വഹിക്കുവാനും സാധിച്ചു. ടി പരിമിതമായ സാഹചര്യത്തിലും റവന്യൂ ചെലവിനെ അപേക്ഷിച്ച് റവന്യൂ വരുമാനത്തിലെ ഉയർന്ന വളർച്ചാ നിരക്ക് കൈവരിക്കുവാൻ സാധിച്ചത് സർക്കാരിന്റെ ആത്മാർത്ഥതയുടെയും പ്രായോഗികമായ നിതാന്ത പരിശ്രമത്തിന്റെയും ഫലമായാണ്.

നികുതി പിരിവ് ഊർജ്ജിതമാക്കിയും ധൂർത്തും അനാവശ്യ ചെലവുകളും ഒഴിവാക്കി ചെലവുകളിൽ മിതത്വം പാലിച്ചും സാമ്പത്തിക അച്ചടക്കം ഉറപ്പ് വരുത്തി ധനദൃഢീകരണം സാദ്ധ്യമാക്കുകയെന്നതാണ് സർക്കാർ അനുവർത്തിച്ചുവരുന്ന നയം. ഇതിന്റെ ഭാഗമായി വാഹനങ്ങൾ വാങ്ങുന്നതിനും, പുതിയ ഗ്രാന്റ്-ഇൻ-എയിഡ് സ്ഥാപനങ്ങൾ അനുവദിക്കുന്നതിനും, വിദേശ യാത്രയ്ക്കും, വിമാന യാത്രയ്ക്കും, മൊബൈൽ ഫോൺ ഉപയോഗിക്കുന്നതിനും നിയന്ത്രണങ്ങൾ ഏർപ്പെടുത്തി 2018 ഏപ്രിൽ മാസത്തിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതേസമയം, പ്രളയത്തിന്റെ പശ്ചാത്തലത്തിൽ സമ്പദ് വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കുന്നതിനായി പരമാവധി പണം സമ്പദ്ഘടനയിലേക്ക് ഒഴുക്കുന്നതിന് ആവശ്യമായ നടപടികളാണ് സർക്കാർ കൈക്കൊണ്ടു വരുന്നത്. നടപ്പ് വർഷത്തെ പദ്ധതിയിൽ 20% പൊതുമരാമത്ത്, ജലവിഭവം എന്നീ വകുപ്പുകൾക്കും, വിവിധ വകുപ്പുകൾ നടപ്പിലാക്കുന്ന സ്കോളർഷിപ്പ് സ്കീമുകൾക്കും ഒഴികെയുള്ള സ്കീമുകളിൽ നിന്നും കുറവ് വരുത്തുന്നതിനും, ഈ തുക റോഡുകളുടെയും കുടിവെള്ള പദ്ധതികളുടെയും പുനഃസൃഷ്ടിക്ക് വിനിയോഗിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ പ്രളയത്തിന്റെ പശ്ചാത്തലത്തിൽ പദ്ധതികളുടെ മുൻഗണനാ ക്രമത്തിൽ ഭേദഗതി വരുത്തുവാനും നിശ്ചയിച്ചിരുന്നു.

| | | |
|---|---|---|
| (ബി) | ജി.എസ്.ടി രജിസ്ട്രേഷൻ എടുക്കേണ്ട വിറ്റുവരവ് പരിധി 40 ലക്ഷം വരെ സംസ്ഥാനങ്ങൾക്ക് ഇഷ്ടാനുസരണം ഉയർത്താമെന്ന ജി.എസ്.ടി കൗൺസിൽ തീരുമാനം അന്തർ സംസ്ഥാന വ്യാപാരത്തെയും ഐ.ജി.എസ്.ടി സംസ്ഥാന വിഹിതത്തെയും എങ്ങനെ ബാധിക്കാനിടയുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; | അന്തർ സംസ്ഥാന വില്പന നടത്തുന്നവർക്ക് വിറ്റുവരവ് പരിധിയില്ലാതെ രജിസ്ട്രേഷൻ നിർബന്ധമാണ്. ആയതിനാൽ പ്രസ്തുത തീരുമാനം സംസ്ഥാനത്തിന്റെ ഐ.ജി.എസ്.ടി. വിഹിതത്തെ പ്രതികൂലമായി ബാധിക്കുകയില്ല. എന്നാൽ, രജിസ്ട്രേഷൻ ഇല്ലാത്ത വ്യാപാരികൾക്കും അന്യ സംസ്ഥാനങ്ങളിൽ നിന്നും ഉപഭോക്താക്കളെപ്പോലെ സാധനങ്ങൾ വാങ്ങുന്നതിന് നിയമ തടസ്സമില്ല. ചരക്കുകളുടെ വാങ്ങൽ വില അമ്പതിനായിരം രൂപയിൽ അധികരിക്കുകയാണെങ്കിൽ പ്രസ്തുത ചരക്കുകളുടെ ട്രാൻസ്പോർട്ടേഷന് ഇ-വേ ബിൽ നിർബന്ധമാണ്. കൂടാതെ, ജി.എസ്.ടി. നിയമ പ്രകാരം ഏത് സംസ്ഥാനത്തിൽ നിന്ന് ചരക്കുകൾ വാങ്ങിയാലും ഉപഭോഗം നടക്കുന്ന സംസ്ഥാനം കേരളമാണെങ്കിൽ പ്രസ്തുത ഐ.ജി.എസ്.ടി. ക്രെഡിറ്റ് സംസ്ഥാനത്തിന് ലഭിക്കുന്നതാണ്. ഇക്കാരണത്താൽ സംസ്ഥാനത്തിന് പുറത്തു നിന്ന് വരുന്ന ചരക്കുകളുടെ ബില്ലിൽ വിതരണ സ്ഥലം കേരളം എന്ന് രേഖപ്പെടുത്തിയിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടത് അനിവാര്യമാണ്. ആയതിനാൽ ഇന്റലിജൻസ് പരിശോധന നടത്തി ഇതുമൂലം സംഭവിക്കാനിടയുള്ള നികുതി നഷ്ടം ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനും മൂലധന നിക്ഷേപം വർദ്ധിപ്പിച്ച് സമ്പദ് വ്യവസ്ഥയെ ഊർജ്ജസ്വലമാക്കുന്നതിന് കിഫ്ബി വഴിയുള്ള പദ്ധതി നിർവ്വഹണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; കിഫ്ബി വഴിയുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെ നിർവ്വഹണ പുരോഗതി വിശദമാക്കാമോ? | ബഡ്ജറ്റിനു പുറമെ നിന്നും വിവിധ മാർഗ്ഗങ്ങളിലൂടെയുള്ള ധന സമാഹരണം വഴി സംസ്ഥാനത്തെ അടിസ്ഥാന സൗകര്യ മേഖലയിൽ 5 വർഷം കൊണ്ട് 54,000/- കോടി രൂപയുടെ വികസനമാണ് സർക്കാർ ലക്ഷ്യമിട്ടിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട പദ്ധതികൾ കിഫ്ബി വഴിയാണ് നടപ്പിലാക്കി വരുന്നത്. ഇതിൽ 41,325.91 കോടി രൂപയുടെ അടങ്കൽ വരുന്ന പദ്ധതികൾക്ക് കിഫ്ബി ഇതിനോടകം നിർവ്വഹണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതികളുടെ പുരോഗതി നിരന്തരമായി വിലയിരുത്തി വരുന്നുണ്ട്. പ്രസ്തുത വികസന ലക്ഷ്യത്തിന്റെ ഭാഗമായ പദ്ധതികളുടെ അംഗീകാരം, നിർവ്വഹണം മുതലായവ കിഫ്ബിയും ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാരുമായി നടത്തി വരുന്ന പ്രതിമാസ അവലോകന യോഗങ്ങൾ വഴി വിലയിരുത്തി വരുന്നു. ഇതിന്റെ തുടർച്ചയായി കിഫ്ബി ഏർപ്പെടുത്തിയിട്ടുള്ള നൂതന സാങ്കേതിക സംവിധാനങ്ങൾ പ്രയോജനപ്പെടുത്തുന്നതിനുള്ള പരിശീലനങ്ങളും, പദ്ധതി നിർവ്വഹണം തടസ്സ |

| | | |
|---|---|---|
| | | രഹിതമായി നടത്തുന്നതിനുള്ള നിർദ്ദേശങ്ങളും നിർവ്വഹണ ഏജൻസികൾക്ക് കിഫ്ബി വഴി നൽകുന്നുണ്ട്. പദ്ധതികളുമായി ബന്ധപ്പെട്ട സ്ഥലമെടുപ്പ് ത്വരിതപ്പെടുത്തുവാൻ പ്രത്യേക താത്കാലിക സ്ഥലമെടുപ്പ് യൂണിറ്റുകൾ ആരംഭിക്കുവാനുള്ള നടപടികളും പുരോഗമിക്കുന്നു. ആവശ്യമായ ഘട്ടങ്ങളിൽ കിഫ്ബി പദ്ധതികളുമായി ബന്ധപ്പെട്ട നിയോജക മണ്ഡലങ്ങളിലെ ബഹു. എം.എൽ.എ. മാരുമായും കൂടിയാലോചനകൾ നടത്തി വരുന്നുണ്ട്. ടി പ്രക്രിയയുടെ ഫലമായി കിഫ്ബി നാളിതുവരെ അംഗീകാരം നൽകിയ പദ്ധതികളുടെ നിർവ്വഹണ കാര്യത്തിൽ ഗണ്യമായ പുരോഗതി കൈവരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**